# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1383 — 03.10.2016 ൽ മറുപടിയ്ക്ക്

## രോഗികളായ തടവുകാർ

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഗൃഹപരിചരണം ആവശ്യമുള്ള എത്ര രോഗികൾ സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരായിട്ടുണ്ടെന്നറിയിക്കാമോ ; | (എ) | ഗൃഹപരിചരണം ആവശ്യമുള്ള 30 രോഗികൾ സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരായിട്ടുണ്ട്. |
| (ബി) | വീടുകളിൽ ശുശ്രൂഷിക്കുന്നതിനായി രോഗികളായ തടവുകാരെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടുള്ള അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ശിക്ഷാകാലാവധി തീരാറായതും അടിയന്തിര പരിചരണമാവശ്യമുള്ളതുമായ രോഗികളായ തടവുകാരെ വിട്ടുകൊടുക്കുന്നതിൽ നിയമ തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (സി) | ശിക്ഷാ കാലാവധി തീരാറായതും അടിയന്തിര പരിചരണമാവശ്യമുള്ളതുമായ രോഗികളായ തടവുകാരെ വിട്ടയയ്ക്കുന്നതിന് 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 457 പ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾ പാലിച്ച് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കേണ്ടതും, സർക്കാർ ഭരണഘടനയുടെ അനുച്ഛേദം 161, ക്രിമിനൽ നിയമസംഹിതയിലെ ചട്ടം 432, 433 എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് വിട്ടതലിന് യോഗ്യമാണെന്ന് കാണുന്ന പക്ഷം വിട്ടയയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ